സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻപ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28-6-2021-ന് വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29-6-2021-ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥതലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 29-6-2021-നും 9-7-2021 നും 19-7-2021-നും പ്രിൻസിപ്പൽ സെക്രറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 2-8-2021-ന് വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിന് എതിർപ്പില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു.

**എല്ലാ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട്**

25 (*85) ശ്രീ. പി. വി. അൻവർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട് നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വീട് അനുവദിച്ചുനൽകുന്നത്. ഇതിന് പുറമെ, പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകിയും ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് നൽകിയും പുനരധിവസിപ്പിക്കുന്നുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ടി പദ്ധതികളിലൂടെ വീട് ലഭ്യമാക്കുവാൻ കഴിയുന്ന വിധമാണ് പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നത്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 22,224 പട്ടികജാതിക്കാരിൽ 12,985 പേരെ ഭവന നിർമ്മാണത്തിന് അർഹരെന്ന് കണ്ടെത്തിയിരുന്നു. അവരിൽ 12,147 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 9,931 വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 7,241 പട്ടികജാതിക്കാരിൽ 5,117 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 1,934 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിലും അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ടവർ ഉൾപ്പെടെയുള്ള 1,50,000 പട്ടികജാതി ഗുണഭോക്താക്കൾക്ക് അടുത്ത 5 വർഷത്തിനുള്ളിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിയും ലൈഫ് മിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മറ്റ് ജനവിഭാഗങ്ങളുടെ കാര്യത്തിൽനിന്നും വ്യത്യസ്തമായി പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് അനുവദിച്ച വീടുകളിൽ മൂന്നിലൊന്നിൽ താഴെ എണ്ണം മാത്രമേ നിർമ്മാണം പൂർത്തിയായിട്ടുള്ളൂവെന്ന കാര്യം പരിഗണിച്ച് ഇത് പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

ലൈഫ് മിഷൻ 2-ാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) അർഹരെന്ന് കണ്ടെത്തിയ 3,556 പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ, വിവിധ കാരണങ്ങളാൽ എഗ്രിമെന്റ് വച്ചിട്ടില്ലാത്ത 176 പേരൊഴിച്ച് 3,380 പേർക്ക് വീട് അനുവദിച്ചതിൽ 2,748 പേർ (81.30%) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ലൈഫ് മിഷന്റെ പ്രാരംഭ പട്ടികയിലുൾപ്പെടാത്തതും എന്നാൽ ശോചനീയാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിരുന്നു. അതിൽ 10,916 പേരുടെ അർഹത ലൈഫ് മിഷൻ അംഗീകരിക്കുകയും 5,177 പേർ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവരുടെ മേൽനോട്ടവും ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ കണക്ക് ലഭ്യമാണോ; ഇവരെക്കൂടി അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടിക വർഗ്ഗക്കാരെ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

തുടർനടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12,931 പേരിൽ 10,916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂരഹിത ഭവനരഹിതരുടെയും ഭൂമിയുള്ള ഭവനരഹിതരുടെയും ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ പട്ടികജാതിവിഭാഗക്കാരെക്കൂടി ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് കണ്ടെത്തിയ 36399 ഭൂരഹിത ഭവനരഹിതരുടെയും 49105 ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക ലൈഫ് മിഷൻ കൈമാറിയിട്ടുണ്ട്. ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹത പരിശോധിച്ച് 21773 ഭൂരഹിത ഭവനരഹിതരെയും 35078 ഭൂമിയുള്ള ഭവന രഹിതരെയും കൂടി ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ലൈഫ് മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാട്ടുപന്നിയെ കൊല്ലാൻ കർഷകർക്ക് അനുമതി**

26(*86) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കണമെന്ന് 2021 ജൂലൈ 23-ന് ഹൈക്കോടതി നിർദേശിച്ചതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

WP(C) 21207/2020, WP(C) 12496/2021 എന്നീ കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23-7-2021-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഇടക്കാല ഉത്തരവിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വേട്ട ചെയ്യുവാൻ പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുവാദം നൽകണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കേസ്സുകളിലെ 12 പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 10-8-2021-ലെ KFDHQ/188794/2021-CWW/WL12 നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്മാരുടെ കൃഷിസ്ഥല പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, WP(C) No.17801/2021 നമ്പർ കേസിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23-7-2021-ലെ ടി ഉത്തരവ് ബാധകമാക്കിക്കൊണ്ട് 2-9-2021 തീയതിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത